(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ- സി) ഇത് സംബന്ധിച്ച് ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഒരു സംഭവും ഉണ്ടായിട്ടില്ലന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

തൃക്കരിപ്പൂർ ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം

79 (87) ശ്രീ. കെ. പി. സതിശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഈ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അവസാനഘട്ട പണികൾ നടന്നു വരുന്നു.

(ബി) നടപ്പുവർഷാവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഫയർസ്റ്റേഷനുകൾ

80 (88) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് ;

(ബി) ടെക്നോപാർക്ക്, എൽ.പി.ജി. ഗ്യാസ് റീഫില്ലിംഗ് സ്റ്റേഷൻ, സിനിമാശാലകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കഴക്കൂട്ടത്ത് ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതാതു സ്ഥലത്തെ ജനസംഖ്യ, വ്യവസായശാലകൾ, സിനിമാശാലകൾ, മറ്റ് തീ അപായ സാധ്യതകൾ എന്നിവ കണക്കിലെടുത്താണ് പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നത്.

(ബി) ഇത് സംബന്ധിച്ച നിർദ്ദേശം ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

വർക്കല ഫയർസ്റ്റേഷന്റെ നിർമ്മാണ ജോലി

81 (89) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വർക്കല ഫയർസ്റ്റേഷന്റെ നിർമ്മാണ ജോലി സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ട് നൽകാത്തതാണ് കെട്ടിട നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കാൻ കാരണമെങ്കിൽ ആവശ്യമായ ഫണ്ട് നൽകി കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഫയർസ്റ്റേഷൻ നിർമ്മാണം നടന്നു വരുന്നു. ഫിനിഷിംഗ് വർക്ക് തുടങ്ങിയിട്ടുണ്ട്.

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടികൾക്ക് വിധേയരായ ജീവനക്കാർ

82 (90) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട് ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ ശിക്ഷിച്ചിട്ടുണ്ട് ;

(ഡി) അഴിമതിക്കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ കഴിയുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) അഴിമതി കേസുകളിൽ ഉൾപ്പെട്ട ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 1996-97 കാലയളവിൽ 225 പേർക്കെതിരെയും 1997-98 കാലയളവിൽ 196 പേർക്കെതിരെയും, 1998-99 കാലയളവിൽ 253 പേർക്കെതിരെയും, 1999-2000 കാലയളവിൽ 265 പേർക്കെതിരെയും വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ കാലയളവിൽ 3 വിജിലൻസ് കോടതികളിലായി 118 പേരേയും വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണങ്ങൾക്കു വിധേയമായി 53 പേരേയും ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly